LIBRARY ARCHIVES Kerala Legislative Assembly

ആർ.ടി. ഓഫീസുകളിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ ചാർജ്ജ് ചെയ്ത കേസുകൾ

126 [1265] ശ്രീ. ടി. കെ. ബാലൻ:
,, വി. ചെന്താമരാക്ഷൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തായി ആർ.ടി. ഓഫീസുകളിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ എത്ര കേസ്സുകൾ ചാർജ്ജു ചെയ്തു;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്;

(സി) ഇത്തരം വിജിലൻസ് റെയ്ഡിനുശേഷം ആർ.ടി. ഓഫീസുകളിലെ പൊതു സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) "ഓപ്പറേഷൻ മാരുതി" എന്ന പേരിൽ സംസ്ഥാനത്തെ 20 ആർ.ടി. ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തുകയും 7 ഉദ്യോഗസ്ഥന്മാർക്കെതിരെ രണ്ട് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസുകൾ ഒന്നും ചാർജ് ഷീറ്റ് ചെയ്തിട്ടില്ല.

(സി, ഡി) ഇത്തരം മിന്നൽ പരിശോധനകൾക്ക് ശേഷം ടി ഓഫീസുകളിലെ ക്രമക്കേടുകളിൽ കുറവു വന്നിട്ടുണ്ടെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. അഴിമതിക്കാരായ ഉദ്യോഗസ്ഥരിൽ ഭീതി ജനിപ്പിക്കുന്നതിന് ടി മിന്നൽ പരിശോധനകൾ മുഖാന്തിരം കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തുന്നു.

സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ

127 [1266] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര റോഡപകടങ്ങൾ ഉണ്ടായിയെന്നും എത്രപേർ മരണപ്പെട്ടെന്നും വ്യക്തമാക്കാമോ; പ്രസ്തുത അപകടങ്ങളിൽ സ്ത്രീകൾ എത്രപേർ മരിച്ചെന്നും, പുരുഷന്മാർ എത്രപേർ മരിച്ചെന്നും, കുട്ടികൾ എത്രപേർ മരിച്ചെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപകടങ്ങളിൽ എത്രയെണ്ണത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടു എന്നും എത്രയെണ്ണത്തിൽ സ്വകാര്യ ബസ്സുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ പോലീസ് വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ സർക്കാർ കാറുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; ഇത്തരം നടപടികൾ സ്വീകരിച്ചശേഷം റോഡപകടങ്ങളിൽ കുറവു വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) റോഡപകടങ്ങൾ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേൽക്കുകയും അംഗവൈകല്യം നേരിട്ടവർക്കും കെ.എസ്.ആർ.ടി.സി. കഴിഞ്ഞ 3 വർഷങ്ങൾക്കിടയിൽ എത്ര തുക നഷ്ടപരിഹാരമായി കൊടുത്തുതീർത്തു എന്നും എത്രതുക കുടിശ്ശിക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2003 ഡിസംബർ 31 വരെ 63,607 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 6,984 പേർ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവരുടെ മരണസംഖ്യ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) 3,143 കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. സ്വകാര്യ ബസ്സുകൾ, പോലീസ് വാഹനങ്ങൾ, സർക്കാർ കാറുകൾ എന്നിവയെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) വാഹന പരിശോധന ശക്തമാക്കി. അമിത വേഗത, മദ്യപിച്ചു വാഹനമോടിക്കൽ എന്നിവ കണ്ടുപിടിക്കാൻ നടപടി എടുത്തിട്ടുണ്ട്. റോഡു സുരക്ഷാ അവബോധം ഉണ്ടാകുന്നതിനായി റോഡ് സുരക്ഷ സംബന്ധിച്ച പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ റോഡ് സുരക്ഷാ ബിൽ തയ്യാറായി വരുന്നു. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് അപകടങ്ങളുടെ തോത് വർദ്ധിക്കുന്നില്ല എന്നാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്.

(ഡി) കഴിഞ്ഞ 3 വർഷം കെ.എസ്.ആർ.ടി.സി. നഷ്ടപരിഹാരമായി 22.6 കോടി രൂപ കൊടുത്തു. വിധിയായി കിടക്കുന്ന കേസുകളിൽ നഷ്ടപരിഹാരമായി 18.98 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

ട്രാഫിക് സുരക്ഷാ വാരാചരണം

128 [1267] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ട്രാഫിക് സുരക്ഷാ വാരാചരണത്തോടനുബന്ധിച്ച് എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) വാഹന ബാഹുല്യവും ഗതാഗതക്കുരുക്കും റോഡുകളുടെ ശോചനീയാവസ്ഥയുംമൂലം പെരുകുന്ന അപകടങ്ങൾ കുറയ്ക്കാൻ സഹായകരമായ വിധത്തിൽ ഡ്രൈവർമാരേയും പൊതുജനങ്ങളെയും ഫലപ്രദമായി ബോധവൽക്കരിക്കുവാൻ പ്രസ്തുത വാരാചരണം വഴി കഴിഞ്ഞിട്ടുണ്ടോ;

(സി) ജനപ്രതിനിധികളെയും സന്നദ്ധ സംഘടനകളേയും പങ്കാളികളാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ട്രാഫിക് സുരക്ഷാ വാരാചരണത്തിന് സർക്കാർ ചിലവഴിച്ച തുക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly